4

# മരിച്ചവരുടെ ഇടക്കുള്ള സ്ഥാനം

*"തൂക്കിയ ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ 'നീ ക്രിസ്തു അല്ലയോ? നിന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്ക!' എന്നു പറഞ്ഞു അവനെ ദുഷിച്ചു. മറ്റവനോ അവനെ ശാസിച്ചു. സമശിക്ഷാവിധിയിൽത്തന്നെ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാമോ ന്യായമായിട്ടു ശിക്ഷ അനുഭവിക്കുന്നു; നാം പ്രവർത്തിച്ചതിന്നു യോഗ്യമായതല്ലോ കിട്ടുന്നത്. ഇവനോ അരുതാത്തതു ഒന്നും ചെയ്തിട്ടില്ല എന്നു പറഞ്ഞു. പിന്നെ അവൻ, 'യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ!' എന്നു പറഞ്ഞു. യേശു അവനോട് 'ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോട് പറയുന്നു എന്നു പറഞ്ഞു' " (ലൂക്കൊസ് 23:39–43).*

മരിക്കുമ്പോൾ ശരീരത്തിൽനിന്ന് ആത്മാവ് വിട്ടുപോകുന്നു.[1] ആത്മാവ് വിട്ടുപോയാൽ പിന്നെ അയാൾക്ക് ആ ശരീരം ധരിക്കുവാൻ സാധ്യമല്ല (2 കൊരിന്ത്യർ 5:1–8). പത്രൊസ് എഴുതി, "... നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്ക് അറിവ് തന്നതുപോലെ, എന്റെ കൂടാരം പൊളിഞ്ഞുപോകുവാൻ അടുത്തിരിക്കുന്നു. ഈ കൂടാരത്തിൽ ഇരിക്കുന്നേടത്തോളം നിങ്ങളെ ഓർപ്പിച്ചുണർത്തുക യുക്തം എന്നു വിചാരിക്കുന്നു ..." (2 പത്രൊസ് 1:13, 14). പത്രൊസ് തന്റെ മരണത്തിൽ ശരീരം വിട്ടുപോകുന്ന ആത്മാവും ദേഹിയും ആത്മിയ ഗോളത്തിലേക്ക് പ്രവേശിക്കുന്നതിനെ കുറിച്ചാണ് സൂചിപ്പിച്ചത്. അവൻ – തന്റെ ആന്തരിക മനുഷ്യൻ – ശരീരം വിട്ടുപോകന്നതു മറ്റു ശരീരം വിട്ടുപോയ ആത്മാക്കളോട് ചേരുവാനാണ് എന്ന് നമുക്ക് ഇതിൽനിന്നു മനസിലാക്കാം.

തനിക്ക് ലഭിച്ച വെളിപ്പാടിൽ മരിച്ചവരുടെ ആത്മാക്കളെ ആദ്യം യാഗപീഠത്തിൻ കീഴിലും പിന്നീട് സിംഹാസനത്തിന്മേലും യോഹന്നാൻ കാണുകയുണ്ടായി (വെളിപ്പാട് 6:9; 20:4). "അറുക്കപ്പെട്ടവരുടെ ആത്മാക്കളെ അവൻ കണ്ടു" എന്നതു സൂചിപ്പിക്കുന്നത് അവർ പിന്നീട് ശരീരത്തോടുകൂടിയായിരുന്നില്ല എന്നാണ്. ഒരാളുടെ ശരീരത്തിൽനിന്ന് ആത്മാവ് വിട്ടുപോകുന്നത്, ഉയർത്തെഴുന്നേല്പിനുവേണ്ടി കാത്തിരിക്കുന്ന "ഇടവേളസ്ഥലത്തേക്കാണ്" ആ സ്ഥലത്ത് ആത്മാക്കൾ സുബോധത്തോടെ ആയിരിക്കുമോ അതോ ബോധമില്ലാത്തവരായിരിക്കുമോ? അവർ ആയിരിക്കുന്ന ആ അവസ്ഥക്കു മാറ്റം വരുത്തുവാൻ കഴിയുമോ? നമുക്ക് അവരെ സഹായിക്കുവാൻ കഴിയുമോ? അവർക്ക് നമ്മെ സഹായിക്കുവാൻ കഴിയുമോ? അവർക്ക് മതിയായത്ര താൽക്കാലിക ശിക്ഷ കോടുത്ത് പിന്നീട് സ്വർഗത്തിലേക്ക് വിടുന്ന ശുദ്ധീകരണ സ്ഥലത്തേക്ക് അവർ പോകുമോ? രക്ഷക്ക് രണ്ടാമത് ഒരവസരമുണ്ടോ?

## ഷിയോളും പാതാളവും

പഴയനിയമം പഠിപ്പിക്കുന്നത് മരിച്ച ആത്മാക്കൾ ഷിയോളിലേക്ക് പോകുമെന്നാണ്; പുതിയനിയമത്തിൽ അതിനു തുല്യമായ വാക്കാണ് പാതാളം. പഴയനിയമത്തിൽ എബ്രായ വാക്കായ ഷിയോൾ 65 പ്രാവശ്യം വരുന്നതു, തർജിമ ചെയ്തിരിക്കുന്നത്, കെജെവിയിൽ 31 പ്രാവശ്യം "നരകം" എന്നും 31 പ്രാവശ്യം "കല്ലറ" എന്നും 3 പ്രവാശ്യം "കുഴി" എന്നുമാണ്. *ഷിയോൾ* എന്ന വാക്ക് നരകം എന്നു തർജിമ ചെയ്താൽ അതു തെറ്റിക്കുന്നതാകും. നരകം നിത്യാഗ്നിയുള്ള സ്ഥലമാണ്, എന്നാൽ ഷിയോൾ മരിച്ചവർ പോകുന്ന സ്ഥലമാണ്. ''ഞാൻ *പാതാളത്തിൽ* ഇറങ്ങുമെന്നാണ്'' യാക്കൊബ് പറഞ്ഞത് (ഉൽപത്തി 37:35; എൻഏഎസ്ബി, ആർ എസ്വി; കെജെവിയിലും എൻകെജെവിയിലും തർജിമ ചെയ്തിരിക്കുന്നത് "ഗ്രേവ്" എന്നാണ്). തീർച്ചയായും, കത്തുന്ന യാതനാ സ്ഥലത്തേക്ക് പോകുമെന്നല്ല യാക്കൊബ് പറഞ്ഞത്. അവൻ മരിച്ചവരുടെ സ്ഥലത്തേക്ക് പോകുമെന്നാണ് അർത്ഥമാക്കിയത്.

ദുഷ്ടന്മാർ ഷിയോളിലേക്ക് പോകുവാനിരിക്കുന്നു അവരെ ഭീഷണിപ്പെടുത്തിയിരിക്കുന്നതുകൊണ്ട്, ചിലർ വിചാരിക്കുന്നത് ഷിയോൾ ദുഷ്ടന്മാരുടെ സ്ഥലം മാത്രമാണെന്നാണ്. എല്ലാവരും ഷിയോളിലേക്ക് പോകുമെന്ന് തോന്നുന്നു (ഉൽപത്തി 37:35; യെശയ്യാവ് 14:9). ദുഷ്ടന്മാരെ ഷിയോളിലേക്ക് പോകുമെന്ന് ഭീഷണിപ്പെടുത്തിയിരിക്കുന്നത് ഒരുപക്ഷെ (സങ്കീർത്തനങ്ങൾ 9:17; 55:15; സദൃശവാക്യങ്ങൾ 23:14) അവർക്കു ഉടനെ മരണമായിരിക്കും സംഭവിക്കുക എന്നതാകാം സൂചന, എന്നാൽ അതിനു വിപരീതമായി നീതിമാന്മാർ സാധാരണ ദൈർഘ്യത്തിലായിരിക്കും മരിക്കുക (യെഹെസ്ക്കേൽ 18:4, 9). അതു ശരിയാണെങ്കിൽ, *ഷിയോൾ* എന്നതു മരിച്ച നീതിമാന്മാരും ദുഷ്ടന്മാരും എല്ലാവരും പോകുന്ന സ്ഥലമായിരിക്കും.

ഷിയോളിനു തുല്യമായ ഗ്രീക്ക് വാക്ക് *ഹേഡസ്* ആണ് സെപ്ത്വജിന്റിൽ ഉപയോഗിച്ചിരിക്കുന്നത്,[2] പഴയനിയമം ഉദ്ധരിച്ച് പുതിയനിയമത്തിലും ആ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് (സങ്കീർത്തനങ്ങൾ 16:10; പ്രവൃത്തികൾ 2:27, 31). ഗ്രീക്ക് വാക്ക് *ഹേഡസ്* എന്നതിനർത്ഥം "മറഞ്ഞിരിക്കുന്ന" അല്ലെങ്കിൽ "കാണപ്പെടാത്ത" (കെജെവിയിൽ "നരകം" എന്നു തർജിമ ചെയ്തിരിക്കുന്നു, എന്നാൽ മറ്റുള്ള വെർഷനുകളിലെല്ലാം "പാതാളം" എന്നാണ്), പുതിയനിയമത്തിൽ അത് പത്തു പ്രാവശ്യം കാണുന്നു. ഒരു പ്രാവശ്യം, കയ്യെഴുത്തുപ്രതിയുടെ പിന്താങ്ങലില്ലാതെ, തർജിമ ചെയ്തിരിക്കുന്നത് ''ഗ്രേവ്'' എന്നാണ് (1 കൊരിന്ത്യർ 15:55; കെജെവി). കത്തുന്ന യാതനാ സ്ഥലം എന്നർത്ഥമുള്ള നരകം എന്ന് *ഷിയോളും ഹേഡസും* തർജിമ ചെയ്യാവുന്നതല്ല. നിത്യയാതനാസ്ഥലം അർത്ഥമാക്കിക്കൊണ്ട് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് *ഗെഹെന്നാ* ആണ്, അർത്ഥം "നരകം" എന്നാണ്.

## പാതാളത്തിന്റെ സ്വഭാവം

ധനവാന്റേയും ലാസറിന്റേയും സംഭവം ചിത്രീകരിച്ചുകൊണ്ട് പാതാളത്തിന്റെ ഒരു വ്യക്തമായ ചിത്രം യേശു നൽകുന്നുണ്ട് (ലൂക്കൊസ് 16:19–31). അവിടെ വിവരിച്ചിരിക്കുന്ന കാര്യങ്ങളെല്ലാം പരിശോധിച്ചാൽ യേശു വാസ്തവത്തിൽ സംഭവിച്ച കാര്യമാണ് പറഞ്ഞിരിക്കുന്നതെന്ന് മനസിലാകും.

യേശു ഉപമകളായി സംസാരിച്ചപ്പോൾ പലപ്പോഴും, താൻ പറഞ്ഞത്

ഇന്നതു "പോലെ" ആണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.[3] മറ്റുള്ള സംഭവങ്ങളിൽ, അവൻ പറയുന്നത് ഉപമയാണെന്നു മനസിലാക്കുവാൻ താരതമ്യം ചെയ്തിട്ടുണ്ട്; എന്നാൽ അത് ഉപമയായിരുന്നുവെന്ന് സന്ദർഭം വെളിപ്പെടുത്തിയിട്ടുണ്ട്.[4] സംഭവിക്കുവാൻ സാധ്യതയുള്ള സംഭവങ്ങളെ ആസ്പദമാക്കിയാണ് യേശു ഉപമ സംസാരിച്ചിട്ടുള്ളത്. യാഥാർത്ഥ്യത്തിനു വിരുദ്ധമായി അതായത് സത്യമല്ലാത്തതായി അവൻ ഒരിക്കലും ഒന്നും ഉൾപ്പെടുത്തിയിരുന്നില്ല. അക്കാരണത്താൽ, ലാസറിന്റെയും ധനവാന്റേയും സംഭവം യഥാർത്ഥമായി നാം സ്വീകരിക്കണം, അല്ലെങ്കിൽ ചുരുങ്ങിയത് സംഭവിക്കുവാൻ സാധ്യതയുള്ളതായി കണക്കാക്കണം.

ധനവാനേയും ലാസറിനേയും സൂചിപ്പിച്ചുകൊണ്ട് ഗ്രീക്ക് വാക്ക് *റ്റിസ്* തർജിമ ചെയ്തിരിക്കുന്നത് "തീർച്ച" എന്ന വാക്കാണ് (ലൂക്കൊസ് 16:19, 20). *റ്റിസ്* എന്ന വാക്ക് പ്രത്യേകമായി, അറിയപ്പെടുന്ന ആളുകളെ ഉദ്ദേശിച്ചാണ് സ്ഥിരമായി ഉപയോഗിച്ചിരിക്കുന്നത്. ഉദാഹരണമായി, ലൂക്കൊസിന്റെ എഴുത്തുകൾ മാത്രം നോക്കിയാൽ അതു വാസ്തവമാണെന്ന് തെളിയും.[5] വാസ്തവത്തിൽ ജീവിച്ചിരുന്ന രണ്ട് വ്യക്തികളെയാണ് യേശു എടുത്തു കാണിച്ചത്. അവന്റെ ഉള്ളിൽ അതല്ലായിരുന്നു ഉദ്ദേശമെങ്കിൽ, അവൻ ആ രണ്ടുപേരെയും കുറിച്ചു പറയുവാൻ *റ്റിസ്* എന്ന വാക്ക് ഉപയോഗിക്കുമായിരുന്നില്ല. ലാസറിന്റെ പേരെടുത്തു പറയുന്നതും സൂചിപ്പിക്കുന്നത് യേശു യഥാർത്ഥത്തിലുണ്ടായിരുന്ന വ്യക്തിയെ കുറിച്ചാണ് പറഞ്ഞത് എന്നത്രെ. വാസ്തവത്തിൽ ഉപമകളിലൊന്നിലും ഇതുപോലെ ഒരാളുടെ പേർ പ്രത്യേകമായി പറയുന്നില്ല.

അങ്ങനെ, ഈ സംഭവത്തെ പരിശോധിച്ചാൽ, പാതാളത്തെ കുറിച്ചുള്ള ചില ചോദ്യങ്ങൾക്കുള്ള ഉത്തരം നമുക്ക് ലഭിക്കും.

(1) നീതിമാന്മാരും ദുഷ്ടന്മാരും പാതാളത്തിലേക്ക് പോകും. ധനവാനും ലാസറും അവിടേക്ക് പോയി.

(2) ദുഷ്ടന്മാർ യാതനാസ്ഥലത്തായിരിക്കും, അവിടെ ശിക്ഷിക്കപ്പെടുന്നവർക്ക് ആശ്വാസമേയില്ല.

(3) നീതിമാന്മാർ ആശ്വാസസ്ഥാനത്തായിരിക്കും.

(4) എല്ലാവരും പരസ്പരം തിരിച്ചറിയുകയും, ഭൂമിയിൽ സംഭവിച്ചത് ഓർമ്മിക്കയും ചെയ്യും.

(5) എല്ലാവർക്കും തങ്ങളുടെ പരിസരബോധമുണ്ടായിരിക്കും.

(6) വലിയ ഒരു "പിളർപ്പിനാൽ" നീതിമാന്മാരെയും ദുഷ്ടന്മാരെയും തമ്മിൽ വേർപിരിച്ചിരിക്കും, പിളർപ്പുള്ളതുകൊണ്ട് അവർക്ക് അങ്ങോട്ടുമിങ്ങോട്ടും കടന്നുനടക്കുവാൻ സാധ്യമല്ല.

(7) എല്ലാവർക്കും പരസ്പരം ആശയവിനിമയം നടത്തുവാൻ കഴിയും.

(8) ശരീരമില്ലാത്ത അവസ്ഥയിൽ എല്ലാവരും തിരിച്ചറിയാവുന്ന അവസ്ഥയിലായിരിക്കും.

(9) ആളുകൾ ഇപ്പോഴും ഭൂമിയിൽ ജീവിക്കുന്നു. ധനവാന്റെ സഹോദരന്മാർ അപ്പോഴും ഭൂമിയിൽ ജീവിച്ചിരിക്കുന്നു.

(10) ആർക്കും ജീവനുള്ളവരുടെ അടുക്കലേക്ക് മടങ്ങിവരുവാനോ ആശയവിനിമയം നടത്തുവാനോ കഴികയുകയില്ല.

**പറുദീസ**

പാതാളത്തെ രണ്ടു പ്രത്യേകഭാഗങ്ങളായി തിരിച്ചിരിക്കുന്നു (ലൂക്കൊസ് 16:26). അവയിൽ ഒന്ന് പറുദീസയും, മറ്റൊന്ന് യാതനാ സ്ഥലവുമാണ്.

ക്രൂശിലെ കള്ളന് യേശു ഉറപ്പ് കൊടുത്തു, "ഇന്നു നീ എന്നോടുകൂടെ പറുദീസയിലിരിക്കും, എന്നു സത്യമായി ഞാൻ നിന്നോട് പറയുന്നു" (ലൂക്കൊസ് 23:43). "പറുദീസ" (ഗ്രീക്ക്.: *പാരാഡെയിസോസ്*) അർത്ഥം "പാർക്ക്" മനോഹരവും ആശ്വാസവുമുള്ള സ്ഥലം, അത് സ്വർഗത്തെയും സൂചിപ്പിച്ചുപറയാം (2 കൊരിന്ത്യർ 12:1-4; വെളിപ്പാട് 2:7) അല്ലെങ്കിൽ, ഈ സന്ദർഭത്തിൽ, നീതിമാന്മാർ മരിച്ചശേഷം പോകുന്ന സ്ഥലം. യേശുവിന്റെ ശരീരം കല്ലറയിൽ അടക്കിയെങ്കിലും (ലൂക്കൊസ് 23:52, 53), അവന്റെ പ്രാണൻ പാതാളത്തിലേക്ക് പോയി (പ്രവൃത്തികൾ 2:27, 31). യേശു മരിച്ച പ്പോൾ നേരെ സ്വർഗത്തിൽ പോയില്ല എന്ന് അവൻ മഗ്ദലക്കാരത്തി മറിയ യോടു പറഞ്ഞ വാക്കുകൾ വ്യക്തമാക്കുന്നു: "എന്നെ തൊടരുത്, ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപോയില്ല" (യോഹന്നാൻ 20:17). ഇതിൽനിന്നും യേശുവും ക്രൂശിലെ കള്ളനും മരിച്ചപ്പോൾ രണ്ടുപേരും പാതാളത്തിലെ മനോഹരവും വിശ്രമവുമുള്ള ഭാഗമായ പറുദീസയിലേക്ക് പോയി എന്നു തീർച്ചയാക്കാം.

ലൂക്കൊസ് 16:22 ലെ "അബ്രഹാമിന്റെ മടി" എന്നതു പറുദീസയുടെ പര്യായമായി കണക്കാക്കാം. നീതിമാൻ മരിക്കുമ്പോൾ പറുദീസയിലേക്ക് പോകും. "അബ്രഹാമിന്റെ മടി" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് അബ്ര ഹാമിന് ലാസറിനോടുള്ള സ്നേഹത്തെയാണ്. ഒരു കുഞ്ഞാടിനെ ഒരാൾ തന്റെ മടിയിൽ കിടത്തുന്നതിനെ കുറിച്ച് നാഥാൻ പ്രവാചകൻ പറയുകയു ണ്ടായി (2 ശമുവേൽ 12:3), അവന് ആ ആടിനോടുള്ള സ്നേഹവും കരു തലും ആണ് അത് കാണിക്കുന്നത്. യേശു സ്നേഹിച്ച അവന്റെ ശിഷ്യൻ യേശുവിന്റെ മടിയിൽ, അഥവാ നെഞ്ചോട് ചാഞ്ഞ് കിടന്നിരുന്നു (യോഹന്നാൻ 13:23), ആ ശിഷ്യനോടുള്ള യേശുവിന്റെ സ്നേഹത്തെയാണ് അത് കാണിക്കുന്നത്. യേശു പിതാവിന്റെ മടിയിലാണെന്ന് പറഞ്ഞിരിക്കു ന്നു (യോഹന്നാൻ 1:18), ദൈവത്തിന് യേശുവിനോടുള്ള സ്നേഹം അതിൽ പ്രകടമാക്കിയിരിക്കുന്നു. യെഹൂദന്മാരിൽ പലരും പ്രതീക്ഷിച്ചതായ ആദരവും സ്നേഹവും ധനവാന് ലഭിച്ചില്ല; പക്ഷെ ദരിദ്രനായ ലാസറിനാണ് അത് ലഭിച്ചത്.

**യാതനാസ്ഥലം**

പാതാളത്തിൽ പറുദീസയെയും നിരന്തര വേദനയുള്ള യാതനാസ്ഥല ത്തെയും തമ്മിൽ വേർപിരിച്ചത് വലിയോരു "പിളർപ്പ്" ആയിരുന്നു. ഗ്രീക്ക് വാക്ക് *ടാർടാറോസ്* നിർഭാഗ്യവശാൽ കെജെവിയിലും എൻഏഎസ്ബിയിലും തർജിമ ചെയ്തിരിക്കുന്നത് "നരകം" എന്നാണ്. അത് പുതിയനിയമത്തിൽ ഒരു പ്രാവശ്യമേയുള്ളു: "പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസിന്റെ ചങ്ങലയിട്ട് നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും ചെയ്തു" (2 പത്രൊസ് 2:4). ദുഷ്ടദൂതന്മാർ അവിടെയുണ്ടാ യിരിക്കും, എന്നാൽ അവരെ പിന്നീട് "നിത്യാഗ്നിയിലേക്ക്" തള്ളിക്കളയും, അവിടെ അവരോടുകൂടെ അനീതി പ്രവർത്തിച്ചവരെയും ശിക്ഷിക്കും (മത്തായി 25:41). അനുസരണം കെട്ട മരിച്ചവരുടെ ആത്മാക്കൾ തടവിലാ

യിരിക്കും (1 പത്രൊസ് 3:19, 20). അവന്റെ ആത്മാവിനാൽ (1 പത്രൊസ് 1:11), നോഹയിൽ, അവന്റെ അധരത്തെ അവൻ ഉപയോഗിച്ചു (2 പത്രൊസ് 2:5), നോഹയുടെ കാലത്ത് അവരിൽ ചിലരോട് യേശു സംസാരിച്ചു, കാരണം അവർ സന്ദേശം നിരസിക്കയാലും, പത്രൊസ് തന്റെ രണ്ടാം ലേഖനം എഴുതുമ്പോൾ അവരുടെ ആത്മാക്കൾ തടവിലായതിനാലുമായിരുന്നു. മോശെയുടെ ഒരു കീർത്തനത്തിൽ പാതാളത്തിന്റെ ഈ ഒരു ഭാഗത്തെ കുറിച്ചു പറഞ്ഞിരിക്കുന്നു: "എന്റെ കോപത്താൽ തീ ജ്വലിച്ചു, പാതാളത്തിന്റെ ആഴത്തോളം കത്തും" (ആവർത്തനപുസ്തകം 32:22). യാതനാസ്ഥലം പാതാളത്തിന്റെ താഴെയാണ്.

പാതാളം (ഷിയോൾ)




## ചില തെറ്റിദ്ധാരണകൾ

മരിച്ചവരുടെ അവസ്ഥയെ കുറിച്ച് പലവിധത്തിലുള്ള തെറ്റിദ്ധാരണകളുണ്ടായിട്ടുണ്ട്.

ഒന്ന്, "മരിച്ചവരുടെ ആത്മാക്കൾ മറ്റു മനുഷ്യരുടെ ശരീരങ്ങളിലേക്കോ, മൃഗങ്ങളിലേക്കോ, അല്ലെങ്കിൽ ഭൗതിക വസ്തുക്കളിലേക്കോ മടങ്ങി വരും" വീണ്ടും വീണ്ടും മരിക്കുവാൻ നാം ഭൂമിയിലേക്ക് മടങ്ങി വരികയില്ല. എബ്രായർ 9:27 പോലെയുള്ള തിരുവെഴുത്തുകൾക്ക് അത്തരം ആശയം എതിരാണ്: "ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യർക്ക് ദൈവം നിശ്ചയിച്ചിരിക്കുന്നു." മരിച്ചവരെ കുറിച്ച് എഴുതിയിരിക്കുന്നു, "സൂര്യനു കീഴിൽ നടക്കുന്ന യാതൊരു കാര്യത്തിലും ഇനി അവർക്ക് ഒരു ഓഹരിയുമില്ല" (സഭാപ്രസംഗി 9:6). നമുക്ക് എല്ലാവർക്കും ഒരേ ഒരു ഭൗതികജീവിതം മാത്രമാണുള്ളത്; പിന്നെ, ഒരിക്കലും ഭൗമികജീവിതത്തിലേക്ക് വരാതെ, നാം ആത്മിയഗോളത്തിലേക്ക് പ്രവേശിക്കും.

മറ്റൊരു തെറ്റിദ്ധാരണ എന്തെന്നാൽ "മരിച്ചവർ ഉയർത്തെഴുന്നേൽക്കുന്നതുവരെ ആത്മാക്കൾ ഒന്നുകിൽ നിദ്രയിലായിരിക്കും അല്ലെങ്കിൽ ഉണ്ടായിരിക്കയില്ല" എന്നതാണ്. യോഹന്നാൻ 11:11-13 ലും 1 തെസലൊനിക്യർ 4:14, 15 ലും മരിച്ചവരെ കുറിച്ചു പറയുമ്പോൾ "നിദ്ര" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിലും, അതു ശരീരങ്ങളുടെ അവസ്ഥയെ ബോധ്യപ്പെടുത്തുവാനാണ് പറഞ്ഞിരിക്കുന്നത്. ശരീരത്തിന്റെ മരണം മനുഷ്യന്റെ അവസാനമല്ല എന്ന ഉറപ്പ് നൽകുന്നതിനു ഉപയോഗിച്ചിരിക്കുന്നതാണ് "നിദ്ര" എന്ന

വാക്ക്, എന്നാൽ മരണശേഷവും ആ ജീവനുണ്ടാകും, ഒരാൾ ഉറങ്ങിയാലും എഴുന്നേൽക്കുമ്പോൾ ജീവൻ തുടരുന്നതുപോലെ ആണ് അത്.

മരിച്ചവർ ഒന്നുമറിയുന്നില്ല, ആത്മാക്കൾ നിദ്രയിലാണ്, അല്ലെങ്കിൽ നില നില്ക്കുന്നില്ല എന്ന് സഭാപ്രസംഗി 9:5, 6 എടുത്ത് ഉപയോഗിക്കുന്നവർ തെറ്റാ യിട്ടാണ് അത് ഉപയോഗിക്കുന്നത്. മരിച്ചവർക്ക് ഈ ജീവിതവുമായുള്ള ബന്ധ ത്തെയാണ് എഴുത്തുകാരൻ അവിടെ വിവരിക്കുന്നത്. ഇവിടെ നടക്കുന്നത് മരിച്ചവർ അറിയുന്നില്ല, അവർക്ക് ഇവിടെനിന്നു ഒരു പ്രതിഫലവും ലഭിക്കു ന്നുമില്ല. അവർ ആയിരിക്കുന്ന ഗോളത്തിൽ എന്തു സംഭവിക്കുന്നു എന്ന് അവർക്ക് അറിയാം, അദൃശ്യലോകത്തിലെ കാര്യങ്ങൾ അന്യോന്യം പങ്കു വെക്കുവാനും കഴിയും (ലൂക്കൊസ് 16:19-31). ഈ ജീവിതത്തിനുശേഷം അവർക്ക് ഒന്നുകിൽ പ്രതിഫലമോ അല്ലെങ്കിൽ ശിക്ഷയോ ഉണ്ട് (2 കൊരിന്ത്യർ 5:10; മത്തായി 25:46).

മൂന്നാമത്തെ തെറ്റിദ്ധാരണ "മരിച്ചവർക്ക് ജീവനുള്ളവരുമായി ആശയ വിനിമയം നടത്തുവാനും, ജീവിക്കുന്നവർക്ക് തിരിച്ചും ഒരു മാദ്ധ്യമ ത്തിൽകൂടെ കഴിയും" എന്നതാണ്. അതിനെ സ്പിരിച്ചലിസം അല്ലെങ്കിൽ സ്പിരിറ്റിസം എന്നാണ് വിളിക്കുന്നത്. അത്തരം മാദ്ധ്യമമായി പ്രവർത്തി ക്കുന്നവരെ ബൈബിൾ കർശനമായി വിലക്കിയിരിക്കുകയാണ്.[6] ധനവാന്റെ സഹോദരന്മാരോട് സംസാരിക്കുവാൻ ലാസറിനെ അനുവദിക്കണമെന്ന ആവശ്യം നിഷേധിക്കുകയാണ് ചെയ്തത് (ലൂക്കൊസ് 16:27-31). ഭൂമിയിൽ നടക്കുന്ന കാര്യങ്ങളൊന്നും മരിച്ചവർ അറിയുന്നില്ല, അതിലൊന്നിലും അവർക്ക് ഓഹരിയുമില്ല.

വേറൊരു തെറ്റിദ്ധാരണ നിലവിലുള്ളത് "മരിച്ചവരോട്, പ്രത്യേകിച്ച് 'വിശുദ്ധന്മാരോടും' മറ്റുള്ളവരോടും സഹായത്തിനായി പ്രാർത്ഥിക്കുക" എന്നതാണ്. യേശുവാണ് നമ്മുടെ സഹായിയും (എബ്രായർ 4:15, 16), ഏക മദ്ധ്യസ്ഥനും (1 തിമൊഥെയൊസ് 2:5), അല്ലാതെ മരിച്ച മറ്റാരുമല്ല. അവൻ നമ്മെപോലെ ആയിരുന്നതുകൊണ്ട്, നമ്മുടെ ബലഹീനതകളിൽ നമ്മോടു സഹതാപം കാണിപ്പാനും സഹായിപ്പാൻ കഴിയുന്നവനുമാണ് (എബ്രായർ 2:17, 18; 4:15, 16).

"ഈ ജീവിതത്തിനു ശേഷം രക്ഷക്ക് മറ്റൊരു അവസരം ലഭിക്കും" എന്നതാണ് ഇനിയൊരു തെറ്റിദ്ധാരണ. ഈ ജീവിതത്തിനുശേഷം നീതിമാ ന്മാർക്കും ദുഷ്ടന്മാർക്കും ഇടയിൽ ഒരു വലിയ പിളർപ്പ് ഉണ്ടായിരിക്കുന്നു എന്നാണ് യേശു പറഞ്ഞത്. ആർക്കും ഒരു സ്ഥലത്തുനിന്ന് മറ്റൊന്നിലേക്ക് പ്രവേശിക്കുവാൻ സാധ്യമല്ല. ശരീരത്തിലിരിക്കുമ്പോൾ നാം ചെയ്ത പ്രവൃ ത്തികൾക്കനുസരിച്ചാണ് നമുക്കുള്ള ന്യായവിധി (2 കൊരിന്ത്യർ 5:10). അക്കാ രണത്താൽ, നാം ശരീരം വിടുമ്പോൾ തന്നെ നമ്മുടെ ലക്ഷ്യസ്ഥാനം ഉറപ്പി ച്ചുകഴിഞ്ഞു. പാപത്തിൽ മരിക്കുന്നവർക്ക് യേശുവിനോടുകൂടി ആയിരി പ്പാൻ സാധ്യമല്ല (യോഹന്നാൻ 8:21). അതുകൊണ്ട്, "ഇപ്പോഴാണ് രക്ഷാദി വസം" (2 കൊരിന്ത്യർ 6:2).

മരണശേഷം "ആത്മാക്കൾ ന്യായവിധിവരെ വിശുദ്ധീകരണ സ്ഥലത്തായിരിക്കും" എന്ന മറ്റൊരു തെറ്റിദ്ധാരണ പരന്നിട്ടുണ്ട്. ഈ ഉപദേ ശമനുസരിച്ച്, മരിച്ചവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുമെങ്കിലും, അവരുടെ പാപങ്ങൾക്കുള്ള പ്രതികാരമായി താൽക്കാലികശിക്ഷ അനുഭവിച്ചാൽ മത്രമെ അവർക്ക് സ്വർഗത്തിൽ പോകുവാനുള്ള യോഗ്യത ലഭിക്കുകയുള്ളു. പാപി

ഈ ജീവിതത്തിൽ മതിയായ കഷ്ടം സഹിച്ചില്ലെങ്കിൽ, വിശുദ്ധീകരണസ്ഥലത്ത് സഹിക്കേണ്ടിവരും എന്നതാണ് ആശയം. ഒരാളുടെ കുറ്റമനുസരിച്ചായിരിക്കും അവിടത്തെ ശിക്ഷയുടെ അളവും കാലയളവും. സൽപ്രവൃത്തികളും, വിവിധതരത്തിലുള്ള "വിശുദ്ധന്മാരുടെ" സഹായവും അനുസരിച്ച് വിശുദ്ധീകരണസ്ഥലത്തെ ആത്മാക്കളുടെ താമസം ചുരുക്കാവുന്നതാണ്.

വിശുദ്ധീകരണസ്ഥലമെന്ന ഉപദേശം പഴയനിയമത്തിലും പുതിയനിയമത്തിലും ഇല്ല, എന്നാൽ അത് റോമൻ കത്തോലിക്കാ ബൈബിളിലെ ഒരു ഭാഗമായ, അപ്പോക്രിഫാ അല്ലെങ്കിൽ ദൈവശ്വാസിയമല്ലാത്ത പുസ്തകത്തിൽ ഉള്ളതാണ്, അത് ദൈവശ്വാസിയമാണെന്ന് കത്തോലിക്കർ അവകാശപ്പെടുന്നുണ്ടെങ്കിലും, മറ്റുള്ളവരാരും അത് ദൈവശ്വാസിയമായി അംഗീകരിക്കുന്നില്ല. ആ ഭാഗം വായിക്കുന്നത്, "അതുകൊണ്ട് മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നത് വിശുദ്ധവും, പൂർണ്ണവുമാണ്, അങ്ങനെ അവർക്ക് പാപങ്ങളിൽനിന്ന് ഇളവ് ലഭിച്ചേക്കാം" (2 മെക്കാബ്യർ 12:46)[7]. റോബർട്ട് സി. ബ്രോഡറിക്ക് വിശുദ്ധീകരണസ്ഥലത്തെ നിർവ്വചിച്ചത്, "മുൻപ് ക്ഷമിക്കപ്പെട്ടവരുടെ താൽക്കാലിക ശിക്ഷ അനുഭവിക്കേണ്ട അവസ്ഥയും സ്ഥലവുമാണ് വിശുദ്ധീകരണസ്ഥലം, കൃപാവസ്ഥയിൽ മരിക്കുന്ന ആൾക്ക്, അയാൾ മാനസാന്തരപ്പെടാത്തതും എന്നാൽ ക്ഷമിക്കത്തക്കതുമായ പാപങ്ങളെ ആത്മാവിൽ നിന്നും നീക്കപ്പെടുന്നു; അങ്ങനെ ഒരുക്കവും വിശുദ്ധീകരണവും ലഭിച്ച ആത്മാക്കൾ നേരെ സ്വർഗത്തിൽ പോകുന്നു."[8] ഈ ഉപദേശം യേശു ക്രൂശിൽ മതിയായത്ര കഷ്ടം സഹിച്ചതിനെ തള്ളിക്കളയുന്നതും (1 പത്രൊസ് 1:18-20), സ്വർഗത്തിൽ പോകുന്നതിന് മുൻപ് മനുഷ്യരുടെ കഷ്ടതയും സഹായവും യോഗ്യതയായി കണക്കാക്കുന്നതുമാകുന്നു - ആ ഉപദേശത്തെ ബൈബിൾ വിലക്കിയിരിക്കുന്നതാണ് (എഫെസ്യർ 2:8; തിത്തൊസ് 3:5). പാതാളത്തിലുള്ളവർക്ക് കടന്നുപോകുവാൻ കഴിയാത്ത പിളർപ്പ് ഉണ്ടെന്ന യേശുവിന്റെ ഉപദേശത്തിന് അത് വിരുദ്ധവുമാണ് (ലൂക്കൊസ് 16:22-26).

"മരിച്ച ഒരാൾക്ക് വേണ്ടി ജീവിച്ചിരിക്കുന്ന ഒരാൾക്ക് സ്നാനം കൊടുക്കുന്നതാണ്" ഏഴാമത്തെ തെറ്റിദ്ധാരണ. ഈ ഉപദേശം മിക്കവാറും 1 കൊരിന്ത്യർ 15:29 ആസ്പദമാക്കിയുള്ളതാണ്, ആ വേദഭാഗം വളരെ പ്രയാസമുള്ള ഒന്നാണ്: "അല്ല, മരിച്ചവർക്കുവേണ്ടി സ്നാനം ഏല്ക്കുന്നവർ എന്തു ചെയ്യും? മരിച്ചവർ കേവലം ഉയർക്കുന്നില്ലെങ്കിൽ, അവർക്ക് വേണ്ടി സ്നാനം ഏല്ക്കുന്നത് എന്തിന്?" ഈ ഭാഗത്ത് പൗലൊസ് ഉയർത്തെഴുന്നേല്പിനെ കുറിച്ച് വാദിക്കുകയാണ്. ചിലർ എങ്ങനെ മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്നു എന്നു പൗലൊസ് കാണിക്കുകയാണ്. മരിച്ചവർക്ക് വേണ്ടി സ്നാനപ്പെടുന്ന പരിശീലനത്തെ പൗലൊസ് സാധൂകരിക്കുകയായിരുന്നില്ല, മറിച്ച്, മരണാനന്തരജീവിതത്തിലുള്ള അവരുടെ വിശ്വാസത്തെയാണ് അവൻ പറയുന്നത്. പാപങ്ങളിൽ മരിക്കുന്നവർക്ക് ഒരു പ്രത്യാശയും ബൈബിൾ നൽകുന്നില്ല, അവർക്ക് സ്വർഗത്തിൽ പോകുവാൻ സാധ്യമല്ല എന്നാണ് സൂചിപ്പിച്ചിരിക്കുന്നത് (യോഹന്നാൻ 8:21). വീണ്ടും, പിളർപ്പ് കാരണം നീതിമാന്മാർക്കും ദുഷ്ടന്മാർക്കും അവിടെനിന്നും കടക്കുവാൻ സാധ്യമല്ല എന്നോർക്കുക.

1 കൊരിന്ത്യർ 15:29 നെ കുറിച്ച് വേറെ വ്യാഖ്യാനങ്ങളുമുണ്ട്. "മരിച്ചവർ" എന്ന് അവിടെ പറഞ്ഞിരിക്കുന്നത് ആളുകൾ എന്നതിന് പകരം, മരണാവ

സ്ഥയെ കാണിക്കുന്നു. "യേശു മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റു" എന്നു പൗലൊസ് പ്രഖ്യാപിച്ചിരിക്കുന്നതു (1 കൊരിന്ത്യർ 15:12), സൂചിപ്പിക്കുന്നത് അവൻ മരണത്തിൽനിന്ന് എഴുന്നേറ്റു എന്നാണ്. ജെനെറ്റിവോടുകൂടിയ ഗ്രീക്ക് വാക്ക് *ഹൂപ്പർ* തർജിമ ചെയ്തിരിക്കുന്നത് "ഫോർ" എന്നതിന് "വേണ്ടി" എന്ന അർത്ഥവുമുണ്ടാകാം (പ്രവൃത്തികൾ 9:16; ഫിലിപ്പിയർ 1:29; 2 തെസലൊനിക്യർ 1:5). ചില ക്രിസ്ത്യാനികൾ മരിക്കുന്നതിനുവേണ്ടി സ്നാനമേറ്റു എന്നു പൗലൊസിനു പറയുവാൻ കഴിയുമായിരുന്നു, അതായത്, മരിച്ചവരുടെ ഉയർത്തെഴുന്നേല്പിന്റെ കാഴ്ച്ചപ്പാടിൽ മരണത്തിനായി ഒരുങ്ങുന്നതിനു വേണ്ടി എന്നർത്ഥം. അവർ മരിച്ചവരിൽനിന്ന് എഴുന്നേൽക്കുകയില്ലെങ്കിൽ പിന്നെ അവരുടെ സ്നാനത്തിന് എന്തു വിലയാണുള്ളത്? ആ വേദഭാഗത്തെ കുറിച്ച് ഡബ്ലിയു. എച്ച്. റ്റി. ഡൗ എഴുതി,[9]

> ആദ്യ ക്രിസ്തീയസഭയിൽ അത്തരം പരിശീലനം നടന്നതായി ഒരു തെളിവുമില്ല. ഗ്രീക്ക്, വാക്ക് ഹൂപ്പർ ഒരു വ്യക്തിയെ ഒരു പ്രവൃത്തി ചെയ്യുവാൻ ഉത്തേജിപ്പിക്കുന്നതായിട്ടാണ് സൂചിപ്പിക്കുന്നത്. ഇവിടെ പ്രചോദനം സൂചിപ്പിച്ചിരിക്കുന്നത് മരിച്ചവരെ ഉദ്ദേശിച്ചാണ്, അതുവഴി., മരിച്ചവർ എഴുന്നേൽക്കുന്നതുവരെയാണ്. ഇതാണ് അർത്ഥമെന്ന് സന്ദർഭം വ്യക്തമാക്കുന്നു. മരിച്ചവർ ഉയർക്കുന്നില്ലെങ്കിൽ, മരിച്ചവർ ന്യായവിധിക്കായി എഴുന്നേൽക്കുമെന്ന പ്രതീക്ഷയിൽ സ്നാനം ഏല്ക്കുന്നതുകൊണ്ടു വിലയില്ലാതാകും.

"നാം ചെയ്യുന്നതെല്ലാം മരിച്ചവർ സൂക്ഷിച്ചുകൊണ്ടാണ് ഇരിക്കുന്നത്" എന്ന ഒരു തെറ്റിദ്ധാരണ നിലവിലുണ്ട്. ചിലർ തങ്ങളുടെ പ്രവൃത്തികൾ മരിച്ചവരായ പ്രിയപ്പെട്ടവർ കണ്ട് അവർക്ക് അതിൽ അതിശയവും വിചാരവുമുണ്ടാകും എന്ന് ഭയപ്പെടുന്നു. അക്കാരണത്താൽ അവർ അവരോട് സംസാരിക്കുവാൻ ആഗ്രഹിക്കുകയും അവർക്ക് ഇഷ്ടമുള്ളത് ചെയ്യുവാനും ശ്രമിക്കുന്നു. എങ്ങനെയായാലും, ഭൂമിയിൽ നടക്കുന്നതൊന്നും മരിച്ചവർ അറിയുന്നില്ല എന്നതാണ് സത്യം.

ന്യായവിധിയുടെ ആവശ്യമില്ല എന്നതാണ് അവസാനത്തെ തെറ്റിദ്ധാരണ. അവരുടെ വാദം ഇതാണ്, "നീതിമാന്മാരെയും ദുഷ്ടന്മാരെയും പാതാളത്തിൽ വേർപെടുത്തിക്കഴിഞ്ഞ സ്ഥിതിക്ക് പിന്നെ ന്യായവിധിയുടെ ആവശ്യമില്ല" എന്നതാണ്. തനിക്കുള്ളവർ ആരെന്ന് യേശു അറിഞ്ഞു കഴിഞ്ഞിരിക്കുന്നു (യോഹന്നാൻ 10:14, 27; 2 തിമോഥെയൊസ് 2:19). ന്യായവിധി നാളിൽ നാം സ്വർഗത്തിലേക്ക് പോയാലും നരകത്തിലേക്ക് പോയാലും യേശു അതിശയിക്കയില്ല. അന്ന് യേശു ശിക്ഷ പ്രഖ്യാപിക്കുമ്പോഴാണ് നമ്മുടെ രേഖകൾ നോക്കി പ്രതിഫലവും പ്രഖ്യാപിക്കുന്നത്.

## ഉപസംഹാരം

മരിച്ചവർ ഇപ്പോൾ, ശരീരമില്ലാതെ പാതാളത്തിൽ ഒന്നുകിൽ പറുദീസയിൽ അല്ലെങ്കിൽ യാതനാ സ്ഥലത്ത് കാത്തിരിക്കുകയാണ്. മരിച്ചവരുടെ പുനരുത്ഥാനംവരെ അവർ ആയിരിക്കുന്ന സ്ഥലത്ത് തന്നെ ആകേണ്ടതിന്ന് അവർക്ക് തമ്മിൽ ഒരു പിളർപ്പ് ഉണ്ടാക്കിയിരിക്കുന്നു. ഇതുവരെ അവർ സ്വർഗത്തിലേക്ക് കയറുകയോ (പ്രവൃത്തികൾ 2:34) നരകത്തിലേക്ക് ഇറ

ങ്ങുകയോ ചെയ്തിട്ടില്ല. നമുക്ക് ഇപ്പോൾ അവസരം ഉള്ളതുകൊണ്ട്, മരണത്തിനും ഉയർത്തെഴുന്നേല്പിനും ഇടക്കുള്ള സ്ഥലത്തേക്ക് പോകുവാൻ നമുക്ക് ഒരുങ്ങാം (2 കൊരിന്ത്യർ 6:2).

---

കുറിപ്പുകൾ

[1]ഉൽപത്തി 35:18 പ്രകാരം, മരിക്കുമ്പോൾ പ്രാണൻ ശരീരം വിട്ടുപോകുന്നു; സഭാപ്രസംഗി 12:7 ലും യാക്കോബ് 2:26 ലും കാണുന്നതുപോലെ ആത്മാവും ശരീരം വിട്ടുപോകുന്നു. കൂടുതൽ വിവരങ്ങൾക്ക് "ദേഹം, ദേഹി, ആത്മാവ്" എന്ന പാഠം നോക്കുക. [2]ഏതാണ്ട് ബി സി. 300 നും 200 നും ഇടക്ക് ഈജിപ്റ്റിലെ അലെക്സെന്ത്രിയയിൽ വെച്ച്, എഴുപത്തി-രണ്ടു പണ്ഡിതന്മാരാൽ പഴയനിയമത്തെ ഗ്രീക്കിൽ തർജിമ ചെയ്തതാണ് സെപ്ത്വജിന്റ്. [3]മത്തായി 7:26; 11:16; 13:31, 33, 44, 45, 47, 52 നോക്കുക. [4]ലൂക്കൊസ് 10:30–37; 15:3–7, 8–10, 11–32 നോക്കുക. [5]ലൂക്കൊസ് 1:5; 6:1; 7:2, 41; 8:2, 27; 9:57; 11:1, 27, 37; 12:16; 13:6, 31; 14:1, 2, 16; 15:11; 16:1 നോക്കുക. [6]പുറപ്പാട് 22:18; ലേവ്യാപുസ്തകം 19:26, 31; 20:6; ആവർത്തനപുസ്തകം 18:11; 2 രാജാക്കന്മാർ 21:6; 23:24; യെശയ്യാവ് 8:19, 20 നോക്കുക. [7]ദൈവശ്വാസിയമല്ലാത്ത മെക്കാബ്യരുടെ രണ്ടു പുസ്തകങ്ങളിൽ സ്വാതന്ത്ര്യത്തിനുവേണ്ടി ബിസി. 166 നും 40 നും ഇടക്ക് പ്രയാസപ്പെട്ട ചരിത്രവിവരണങ്ങളാണ് ഉള്ളത്. [8]റോബർട്ട് സി. ബ്രോഡ്രിക്ക്, "പർഗേറ്ററി" *കൺസൈസ് കാത്ത്ലിക്ക് ഡിക്ഷ്ണറി* (സെന്റ്. പോൾ, മിൻ.: കാറ്റെക്കെറ്റിക്കൽ ഗിൽഡ് എജ്വക്കേഷ്ണൽ സ്വസൈറ്റി, 1943), 143. [9]ഡബ്ലിയു. എച്ച്. റ്റി. ഡാവ്, "ബാപ്റ്റിസം" *ദ ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, വാല്യം, 1, എഡി., ജി. ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1979), 426.